17/10/12 44 45 93

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിവാഹവും പുനരധിവാസവും സംബന്ധിച്ച പദ്ധതിയ്ക്ക് അംഗീകാരം നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.79/2013/സാനീവ തിരുവനന്തപുരം, തീയതി, 03.102013

=====================================================================

പരാമർശം : 1. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.05.2013 ലെ ഒസിബി1/171/13 നമ്പർ കത്ത്

2. 04.04.2013 ലെ സ.ഉ. (സാധാ) നം. 161/13/സാനീവ

ഉത്തരവ്

ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (1) പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിവാഹവും പുനരധിവാസവും സംബന്ധിച്ച പദ്ധതിയുടെ അംഗീകാരത്തിനായി ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിവാഹവും പുനരധിവാസവും സംബന്ധിച്ച പദ്ധതിയ്ക്കു (അനുബന്ധം) പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്ന തുകയേക്കാൾ കൂടുതലായി സഹായധന വിനിയോഗത്തിൽ വർദ്ധനവ് ആവശ്യപ്പെടരുതെന്നും വിവാഹ ധനസഹായ ത്തിനുള്ള അർഹതയും സഹായ വിനിയോഗത്തിന്റെ കൃത്യതയും ഉറപ്പുവരുത്തണം എന്നുമുള്ള നിബന്ധനകൾക്കു വിധേയമായി അംഗീകാരം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഗോവിന്ദൻ നമ്പൂതിരി വി.എസ്.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner